


■ കവർസ്റ്റോറി

യു. ഷൈജു

# മതേതര ഭീകരതക്കുമേൽ സർഗാത്മകതയുടെ കാറ്റ്

**കാര്യങ്ങൾ** കാമ്പസിലാണ് നടക്കുന്നത്, അതുകൊണ്ട് എന്തും ഏതും അവിടെ നിന്നും തുടങ്ങണം. ഇതു ഇന്നും ഒരു വിശ്വാസമായി പലരിലും കുടുങ്ങി കിടപ്പുണ്ട്. അതാണ് പൊതുസമൂഹത്തിൽ ഒരു കാര്യം സംഭവിക്കണമെന്നുണ്ടെങ്കിൽ തുടക്കം കാമ്പസിൽനിന്നാകട്ടെ എന്ന് വെക്കുന്നത്. അതുകൊണ്ടുതന്നെയാണ് സമൂഹത്തിൽ വർഗീയതയുണ്ട് എന്നു വരുത്താൻ, ഭീകരതയുണ്ട് എന്നു പറയാൻ കാമ്പസുകളിൽ അതുണ്ട് എന്ന പ്രചാരണം ശക്തിപ്പെടുത്തുന്നത്. പൊതുസമൂഹത്തിൽ മാറ്റവും മാറ്റമില്ലായ്മയും സംഭവിക്കുമ്പോൾ കാമ്പസുകൾ സജീവമാകുകയും വിദ്യാർഥികൾ രംഗത്തു വരികയും ചെയ്തിരുന്നു. ചരിത്രം അതാണ് പറഞ്ഞു തരുന്നത്. സമൂഹബന്ധിതപ്രശ്നങ്ങൾ കാമ്പസുകളിലെ സംവാദങ്ങളിൽ ഉയർന്നുവന്നിരുന്നു. വിദ്യാർഥികളിൽ സാമൂഹിക പ്രതിബദ്ധത തങ്ങളുടെ സിലബസിന്റെ ഭാഗമെന്നോണം വളർന്നു. പ്രതികരണങ്ങളും പ്രതിഷേധങ്ങളും ബദലുകളും കാമ്പസുകളിൽനിന്നും എത്തി. ഇതിനായി വിദ്യാർഥി സംഘടനകൾ ഏറെ ജാഗ്രത്തുമായി. സമരങ്ങൾ ഏറ്റെടുക്കുന്നതിൽ ഒരുതരം വാശിതന്നെ പലപ്പോഴും പ്രകടമായി.

എന്നാൽ ഇപ്പോഴോ? റാഗിംഗ് ഭീകരമാകുന്നു. തമ്മിൽതല്ല് തകൃതിയാകുന്നു. കാമ്പസ് ഫാഷനുകൾക്കൊത്ത് സംഘടനകളും അവർ നയിക്കുന്ന യൂനിയനുകളും സജീവമാകുന്നു. എന്നിട്ടൊരു വിലാപം- കാമ്പസുകളിൽ വർഗീയത വളരുന്നുവെന്ന്. നമ്മുടെ കാമ്പസുകൾക്ക് എന്തുപറ്റിയെന്ന് തീർച്ചയായും പരിശോധിക്കണം. കാമ്പസുകളിൽ വിദ്യാർഥികൾക്ക് ശരിയായ ദിശ നൽകേണ്ട വിദ്യാർഥി സംഘടനകൾക്ക് എന്തുപറ്റി എന്നതും അന്വേഷണ വിധേയമാക്കണം.

> **മതവർഗീയതക്ക് പകരം മതേതര ഭീകരത ഉയർത്തുക എന്നതാണ് എസ്.എഫ്.ഐയുടെ പ്രവർത്തന സംസ്കാരത്തിലൂടെ സംഭവിക്കുന്നത്. കാമ്പസുകളിൽ സംവാദത്തിന്റെ അന്തരീക്ഷം ഉയർത്തിപ്പിടിച്ച് നഷ്ടപ്പെട്ട ജനാധിപത്യത്തെ തിരികെ കൊണ്ടുവരിക എന്ന സർഗാത്മക പ്രക്രിയക്കു മാത്രമേ ഇനി പ്രസക്തിയുള്ളൂ. കേരളീയ കാമ്പസുകൾ ഉയർത്തിയ എല്ലാ നവോത്ഥാന മൂല്യങ്ങളെയും ഇല്ലാതാക്കുകയും കാമ്പസിൽ ഉണ്ടായിരുന്ന ജനാധിപത്യത്തിന്റെ നേരിയ പച്ചപ്പുപോലും ഇല്ലാതാക്കാനുമാണ് മതവർഗീയരും മതേതര ഭീകരരും ശ്രമിക്കുന്നത്.**

ഞങ്ങൾ അന്നും ഇന്നും കാമ്പസിലെ അജയ്യശക്തിതന്നെയെന്നാണ് എസ്.എഫ്.ഐ അവകാശപ്പെടുന്നത്. കേരളത്തിലെ ഭൂരിപക്ഷം സർവകലാശാലാ യൂനിയനുകളും കോളേജ് യൂനിയനുകളും ഭരിക്കുന്നത് എസ്.എഫ്.ഐ ആണ് എന്നത് വാസ്തവമാണ്. അഖിലേന്ത്യാ സെക്രട്ടറിയായ മലയാളിയുടെ വാക്ക് കടമെടുത്ത് പറഞ്ഞാൽ ഉപന്യാസകന്റെ മുഴക്കോൽവെച്ച് അളന്ന് നോക്കിയാൽ കേരളത്തിലെ ഏറ്റവും വലിയ ബുദ്ധിജീവി കലാലയം കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയാണ്. അവിടെയും ശക്തം എസ്.എഫ്.ഐ തന്നെ.

ഈ ശക്തി ഇന്ന് കാമ്പസുകളിൽ ചെയ്യുന്നത് എന്താണ്? കേരള തലസ്ഥാനമായ തിരുവനന്തപുരത്ത് ഭരണ സിരാകേന്ദ്രങ്ങളുടെ മൂക്കിന് താഴെ യൂനിവേഴ്സിറ്റി കോളേജിലെ സംഘടനാ പ്രവർത്തനം കാണേണ്ടതുതന്നെ. അവിടത്തെ എസ്.എഫ്.ഐ ഘടകം പറയുന്നു ഇവിടെ ഞങ്ങളുടെ സംഘടന മാത്രം മതിയെന്ന്. കഴിഞ്ഞ നവംബർ 30-ന് നടന്ന കോളേജ് യൂനിയൻ തെരഞ്ഞെടുപ്പ്. നാമ

നിർദേശപത്രികാ സമർപ്പണശേഷം എസ്.എഫ്.ഐ എല്ലാ സീറ്റിലും ഈസി വാക്കോവർ പ്രതീക്ഷിച്ചു. ഏതാണ്ട് എല്ലാ സീറ്റിലും എതിരില്ലാതെ അവർ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. എന്നാൽ ജനറൽ സെക്രട്ടറി സീറ്റിൽ എസ്.ഐ.ഒ സ്ഥാനാർഥിയെ പ്രഖ്യാപിച്ചു. ആ സീറ്റിൽ മത്സരമുണ്ടായി. ഭീഷണികൾക്കിടയിലും എസ്.ഐ.ഒ സ്ഥാനാർഥി പ്രചാരണം നടത്തി. ചരിത്രത്തിലാദ്യമായി എസ്.എഫ്.ഐ അല്ലാത്ത ഒരു സംഘടന തെരഞ്ഞെടുപ്പ് പ്രചാരണം നടത്തി. കാമ്പസിലെ സ്ഥാനാർഥി സംഗമത്തിൽ എസ്.എഫ്.ഐ അക്രമത്തെ വിമർശിച്ച എസ്.ഐ.ഒ സ്ഥാനാർഥിക്ക് കരഘോഷവും ലഭിച്ചു.

സംസ്ഥാന നേതാക്കൾ ഉണ്ടും ഉറങ്ങിയും കഴിയുന്ന തലസ്ഥാനത്ത് കെ.എസ്.യുവിന്റെ ഘടകം രൂപീകരിക്കാൻ സാധിക്കാത്തിടത്താണ് എസ്.ഐ.ഒ ആശയ സംവാദത്തിന്റെ കൊടി ഉയർത്തിപ്പിടിച്ചത്. കഴിഞ്ഞവർഷം ഇവിടെ റാഗിംഗിനെതിരെ പ്രതികരിച്ചപ്പോൾ എസ്.എഫ്.ഐക്കാർ എസ്.ഐ.ഒ പ്രവർത്തകരെ തല്ലിയൊതുക്കാൻ ശ്രമിച്ചിരുന്നു. കേരള കാമ്പസുകളിലെ ഏക ഛത്രാധിപതികൾക്ക് പിന്തുണ നഷ്ടമായിത്തുടങ്ങിയെന്നാണിത് തെളിയിക്കുന്നത്.

അക്രമങ്ങൾ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്ന കാമ്പസുകളിൽ എസ്.എഫ്.ഐക്ക് പിന്തുണ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കൊല്ലത്ത് ടി.കെ.എം എഞ്ചിനീയറിംഗ് കോളേജിൽ മറ്റുള്ളവരെ തല്ലിയൊതുക്കുന്ന എസ്.എഫ്.ഐ ഒരു മതിലിനപ്പുറത്തുള്ള ടി.കെ.എം ആർട്സ് കോളേജിൽ സ്വന്തം മുന്നണിയിലെ എ.ഐ.എസ്.എഫിനു മുന്നിൽ കീഴടങ്ങുന്നു (എ.ഐ.എസ്.എഫിന്റെ കേരളത്തിലെ ഏക കലാലയ യൂണിയനാണ് ടി.കെ.എം. ആർട്സ് കോളേജ്). ആലപ്പുഴ എസ്.ഡി കോളേജിൽ എസ്.എഫ്.ഐയുടെ സംഘടനാ ഫാഷിസത്തെ നേരിടാനാവാതെ എ.ഐ.എസ്.എഫും കെ.എസ്.യുവും തളർന്നപ്പോൾ എസ്.ഐ.ഒ അവിടെ പിടിച്ചുനിൽക്കുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേവലം 10 വോട്ടുകളുടെ വ്യത്യാസത്തിലാണ് എസ്.എഫ്.ഐ എസ്.ഐ.ഒയെ മറികടന്നത്. തെക്കൻ കേരളത്തിലെ കാമ്പസുകളിൽ കുത്തക പൊളിയുന്നുവെന്ന യാഥാർഥ്യം എസ്.എഫ്.ഐ തിരിച്ചറിയുന്നില്ല.

തങ്ങൾ ശക്തമെന്ന് പറയുന്ന കൊച്ചിൻ സർവകലാശാലയിൽ എസ്.എഫ്.ഐ പ്രവർത്തകർ നടത്തിയ ക്രൂരമായ റാഗിംഗ് വിദ്യാർഥികൾ തിരിച്ചറിഞ്ഞുകഴിഞ്ഞു. സഹപാഠിയെ നഗ്നനാക്കി ക്രൂരമായി മർദിക്കുകയും റമദാൻ മാസത്തിൽ നോമ്പ് അനുഷ്ഠിച്ചവരെ മദ്യം കുടിപ്പിക്കുകയും ചെയ്ത വൃത്തികെട്ട റാഗിംഗാണ് കുസാറ്റിൽ നടത്തിയത്. എസ്.എഫ്.ഐയുടെ പ്രധാന ഭാരവാഹികളടക്കം 21 പേരെ കാമ്പസിൽനിന്നും സസ്പെന്റ് ചെയ്തിട്ടും അധികാരത്തിന്റെ തണലിൽ ഇവർ കാമ്പസിൽ സ്വൈരവിഹാരം നടത്തുന്നു. എന്നിട്ടും തങ്ങളിൽ റാഗിംഗുകാരില്ലെന്നും റാഗിംഗിനെതിരെ സ്ക്വാഡുകൾ രൂപീകരിക്കുമെന്നുമാണ് നേതാക്കൾ പറയുന്നത്. ഇവിടെയും പ്രതികരിച്ച എസ്.ഐ.ഒ പ്രവർത്തകരെ തല്ലുകയും കാമ്പസിലെ കൊടിമരം അറുത്തുമാറ്റുകയും ചെയ്യുന്ന സംഘടനാ ഫാഷിസം അരങ്ങു തകർക്കുകയാണ്.

തൃശൂർ എഞ്ചിനീയറിംഗ് കോളേജിൽ എസ്.എഫ്.ഐ അല്ലാത്തവരെയെല്ലാം വളഞ്ഞിട്ടു മർദിച്ചു. കോട്ടയം നാട്ടകം ഗവ. കോളേജ്, വടകര മടപ്പള്ളി ഗവൺമെന്റ് കോളേജ്, പയ്യന്നൂർ കോളേജ്, കാസർകോട് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജ്..... നിരവധി കോളേജുകളിൽ മറ്റുള്ളവരെ തല്ലിയൊതുക്കുകയെന്ന നയമാണ് എസ്.എഫ്.ഐ സ്വീകരിച്ചിരിക്കുന്നത്. എന്നിട്ടും എസ്.എഫ്.ഐ നേതാക്കൾ പറയുന്നു ഞങ്ങൾ നേടിയ വിജയങ്ങൾ ബലപ്രയോഗത്തിലൂടെയോ അക്രമങ്ങളിലൂടെയോ നേടിയതല്ലെന്ന്. മറിച്ച് ഇതിനു പിന്നിൽ ജനാധിപത്യപരവും ത്യാഗോജ്വലവുമായ പ്രവർത്തനങ്ങളാണത്രേ! കാമ്പസുകളിൽ ഉണ്ടാകേണ്ട ജനാധിപത്യ അന്തരീക്ഷം അട്ടിമറിക്കുന്ന പ്രവർത്തനങ്ങളാണ് എസ്.എഫ്.ഐയുടേത്. കാമ്പസുകളിൽ വർഗീയത വളരുന്നു എന്നാണ് എന്നിട്ടും ആരോപണം. അതിനെ അടിച്ചൊതുക്കും എന്ന ഭീഷണിയും മുഴക്കുന്നു. കാമ്പസുകളിൽ വളരുന്ന മതവർഗീയതയെ തുടച്ചുമാറ്റേണ്ടതുണ്ട്. യഥാർഥത്തിൽ എസ്.എഫ്.ഐയുടെ സംഘടനാ സംസ്കാരം മതവർഗീയത വളരാനാണ് സഹായിക്കുന്നത്. മതവർഗീയതക്ക് പകരം മതേതര ഭീകരത ഉയർത്തുക എന്നതാണ് എസ്.എഫ്.ഐയുടെ പ്രവർത്തന സംസ്കാരത്തിലൂടെ സംഭവിക്കുന്നത്. കാമ്പസുകളിൽ സംവാദത്തിന്റെ അന്തരീക്ഷം ഉയർത്തിപ്പിടിച്ച് നഷ്ടപ്പെട്ട ജനാധിപത്യത്തെ തിരികെ കൊണ്ടുവരിക എന്ന സർഗാത്മക പ്രക്രിയക്കു മാത്രമേ ഇനി പ്രസക്തിയുള്ളൂ. കേരളീയ കാമ്പസുകൾ ഉയർത്തിയ എല്ലാ നവോത്ഥാന മൂല്യങ്ങളെയും ഇല്ലാതാക്കുകയും കാമ്പസിൽ ഉണ്ടായിരുന്ന ജനാധിപത്യത്തിന്റെ നേരിയ പച്ചപ്പുപോലും ഇല്ലാതാക്കാനുമാണ് മതവർഗീയരും മതേതര ഭീകരരും ശ്രമിക്കുന്നത്. ■

(എസ്.ഐ.ഒ. സംസ്ഥാന കാമ്പസ് സെക്രട്ടറിയാണ് ലേഖകൻ)